2026
SEPTEMBER
09
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# കണ്ടെയ്നർ നീക്കം : കൊച്ചിൻ തുറമുഖത്തിന് റിക്കാർഡ് കുതിപ്പ്

**കൊച്ചി:** കണ്ടെയ്നർ ചരക്കുനീക്കത്തിൽ കൊച്ചിൻ തുറമുഖത്തിനു റിക്കാർഡ് നേട്ടം. നടപ്പ് സാമ്പത്തികവർഷത്തിൽ കണ്ടെയ്നർ നീക്കത്തിൽ 18.53 ശതമാനം വളർച്ച രേഖപ്പെടുത്തി. ഇതോടെ ഈ സാമ്പത്തികവർഷം ഇതുവരെ കൈകാര്യം ചെയ്ത ആകെ കണ്ടെയ്നറുകളുടെ എണ്ണം 3.81 ലക്ഷം ടിഇയു ആയി. ഒരു മാസത്തിനിടെ 97,952 ടിഇയു കണ്ടെയ്നറുകൾ കൈകാര്യം ചെയ്തതും കൊച്ചിൻ തുറമുഖത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിമാസ നേട്ടമാണ്.

കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 11 ശതമാനം വളർച്ച രേഖപ്പെടുത്തിയിരുന്നു. ഇതിന്റെ തുടർച്ചയെന്നോണമാണ് ഈ സാമ്പത്തികവർഷത്തിലും നേട്ടം ആവർത്തിക്കാനായത്. തുറമുഖത്തിന്റെ പ്രവർത്തനക്ഷമതയിലും ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷിയിലും നടത്തിയ വികസന പ്രവർത്തനങ്ങളാണ് തുടർച്ചയായി നേട്ടം കൈവരിക്കാൻ സഹായകമായതെന്ന് കൊച്ചിൻ പോർട്ട് അധികൃതർ പറഞ്ഞു.

വല്ലാർപാടത്തെ ഇൻറർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെൻറ് ടെർമിനലിന്റെ പ്രവർത്തനവും കൊച്ചിൻ തുറമുഖത്തിന്റെ കണ്ടെയ്നർ നീക്കത്തിലെ വളർച്ചയിൽ നിർണായകമാണ്.

വല്ലാർപാടം ടെർമിനലിലെ ക്രെയിനുകളുടെ എണ്ണം ഏഴായി വർധിപ്പിച്ചതും യാർഡ് വിസ്തൃതി ഏകദേശം 14 ലക്ഷം ടിഇയു ശേഷിയിലേക്ക് ഉയർത്തിയതും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി.

കൊച്ചിൻ പോർട്ടിൽ ആരംഭിച്ച കേരളത്തിലെ ആദ്യത്തെ ഇക്കണോമിക് ആൻഡ് ട്രേഡ് സോൺ എക്സിം വ്യവസ്ഥ ഏർപ്പെടുത്തിയത് വ്യാപാരം സുഗമമാക്കി.

അന്താരാഷ്ട്ര കപ്പൽപാതകളോടുള്ള സാമീപ്യം, കേരളത്തിന്റെ വ്യവസായവ്യാപാര മേഖലകളുമായുള്ള ബന്ധം, ആധുനിക കണ്ടെയ്നർ ടെർമിനൽ സൗകര്യങ്ങൾ എന്നിവയാണു വലിയ മദർഷിപ്പുകളെ വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്ക് ആകർഷിക്കാൻ കാരണം.

അടുത്തിടെ കൊച്ചിയിലെത്തിയ എംഎസി ഇലാരിയ എന്ന മദർഷിപ്പിൽനിന്നു മാത്രം 8,000ത്തിലധികം ടിഇയു കണ്ടെയ്നറുകളാണ് ടെർമിനലിൽ കൈകാര്യം ചെയ്തത്.

ഇതും കൊച്ചി തുറമുഖത്തിന്റെ അപൂർവ നേട്ടങ്ങളിലൊന്നാണ്.

ഭാവിയിൽ വലിയ മദർഷിപ്പുകളെ കൂടുതൽ ആകർഷിക്കുന്നതിനായി കൊച്ചിൻ പോർട്ടിന്റെ കപ്പൽ ചാനലിന്റെ ആഴം 14.5 മീറ്ററിൽനിന്ന് 16 മീറ്ററായി ഉയർത്താനുള്ള 560.50 കോടി രൂപയുടെ പദ്ധതികളും നിലവിൽ പുരോഗമിച്ചുവരികയാണ്.

കൂടുതൽ റിക്കാർഡ് നേട്ടങ്ങൾ കൊച്ചി തുറമുഖത്തിന് ഇതിലൂടെ കൈവരിക്കാൻ സാധിക്കുമെന്ന് അധികൃതർ പ്രതീക്ഷിക്കുന്നു.

## ലോജിസ്റ്റിക്സ്–ഷിപ്പിംഗ് വിദ്യാഭ്യാസരംഗത്ത് പുതിയ അധ്യായവുമായി പാക്സ് അക്കാദമി വൊയേജ്

**കൊച്ചി:** ലോജിസ്റ്റിക്സ്, ഷിപ്പിംഗ് വിദ്യാഭ്യാസരംഗത്ത് പുതിയ അധ്യായത്തിന് തുടക്കം കുറിച്ച് പാക്സ് അക്കാദമി ഫോർ ലോജിസ്റ്റിക് ആൻഡ് ഷിപ്പിംഗ് എൽഎൽപി വൊയേജ് എന്നപേരിൽ പ്രത്യേക പരിപാടി സംഘടിപ്പിച്ചു.

കൊച്ചി പനമ്പിള്ളി നഗറിലെ ദി അവന്യൂ സെന്റർ ഹോട്ടലിലെ ദിവാൻസ് ഹാളിൽ നടന്ന ചടങ്ങിൽ വൊയേജ് പരിപാടിയുടെ ഉദ്ഘാടനം കസ്റ്റംസ് ഡെപ്യൂട്ടി കമ്മിഷണർ ടി.പി. സലിം കുമാർ നിർവഹിച്ചു. ചടങ്ങിൽ അക്കാദമിയുടെ പുതിയ ബ്രോഷറിൻറെയും വെബ്സൈറ്റിൻറെയും പ്രകാശനവും ഓൺലൈൻ ക്ലാസുകളുടെ ഔദ്യോഗിക തുടക്കംകുറിക്കലും നടന്നു.

ലോജിസ്റ്റിക്സ്, ഷിപ്പിംഗ് മേഖലകളിൽ വ്യവസായാധിഷ്ഠിത വിദ്യാഭ്യാസത്തിനും പരിശീലനത്തിനും കൂടുതൽ അവസരങ്ങൾ ഒരുക്കുകയെന്ന ലക്ഷ്യത്തോടെയാണു പരിപാടി സംഘടിപ്പിച്ചതെന്ന് അക്കാദമി അറിയിച്ചു.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോജിസ്റ്റിക്സ്, ഷിപ്പിംഗ്, സപ്ലൈ ചെയിൻ മേഖലകളുടെ ആവശ്യങ്ങൾക്കനുസരിച്ച് പ്രായോഗിക പരിജ്ഞാനവും തൊഴിൽശേഷിയുമുള്ള പ്രഫഷണലുകളെ വാർത്തെടുക്കുകയാണ് പാക്സ് അക്കാദമിയുടെ ലക്ഷ്യം.

ഷിപ്പിംഗ് മാനേജ്മെൻറ്, ലോജിസ്റ്റിക്സ് ഓപ്പറേഷൻസ്, വെയർഹൗസിംഗ്, കസ്റ്റംസ് ക്ലിയറൻസ്, മൾട്ടിമോഡൽ ട്രാൻസ്പോർട്ടേഷൻ, എക്സിം നടപടിക്രമങ്ങൾ തുടങ്ങിയ മേഖലകളിലാണ് അക്കാദമി വ്യവസായാധിഷ്ഠിത പഠനപരിപാടികൾ ഒരുക്കുന്നത്.

## കല്യാൺ സിൽക്സിന് ആദിത്യ ബിർള ഗ്രൂപ്പിന്റെ പുരസ്കാരം



**തൃശൂർ:** ആദിത്യ ബിർള ലൈഫ്സ്റ്റൈൽ ബ്രാൻഡ്സ് ഏർപ്പെടുത്തിയ ഇന്ത്യയിലെ ഏറ്റവും മികച്ച പ്രകടനത്തിനുള്ള ബെസ്റ്റ് പെർഫോമൻസ് അവാർഡ് കല്യാൺ സിൽക്സ് സ്വന്തമാക്കി.

ഓസ്ട്രേലിയയിലെ സിഡ്നിയിൽ നടന്ന ചടങ്ങിൽ കല്യാൺ സിൽക്സ് മാനേജിംഗ് ഡയറക്ടർ പ്രകാശ് പട്ടാഭിരാമൻ പുരസ്കാരം ഏറ്റുവാങ്ങി. ആദിത്യ ബിർള ലൈഫ്സ്റ്റൈൽ ബ്രാൻഡ്സ് ചീഫ് കമേഴ്സ്യൽ ഓഫീസർ പങ്കജ് മെഹ്റോത്ര, ലൂയി ഫിലിപ് ചീഫ് ബിസിനസ് ഓഫീസർ അനിൽ എസ്. കുമാർ എന്നിവർ ചേർന്നാണ് അവാർഡ് സമ്മാനിച്ചത്. കഴിഞ്ഞ വർഷം മാൾട്ടയിൽ നടന്ന എഡിഷനിലും കല്യാൺ സിൽക്സിന് ഇതേ പുരസ്കാരം ലഭിച്ചിരുന്നു.

ഗുണമേന്മയിലുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾക്കും ഉപഭോക്താക്കൾ പതിറ്റാണ്ടുകളായി അർപ്പിക്കുന്ന വിശ്വാസത്തിനുമുള്ള അംഗീകാരമാണ് ഈ പുരസ്കാരമെന്ന് മാനേജിംഗ് ഡയറക്ടർ പ്രകാശ് പട്ടാഭിരാമൻ പറഞ്ഞു. ഈ നേട്ടം സാധ്യമാക്കിയ ഉപഭോക്താക്കൾക്കും പങ്കാളികൾക്കും ജീവനക്കാർക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.




# ലുലു ഗ്രൂപ്പ് മധ്യപ്രദേശിൽ 2000 കോടി നിക്ഷേപിക്കുമെന്ന് യൂസഫലി

**ദുബായ്:** പ്രമുഖ വ്യവസായി എം.എ.യൂസഫലി നയിക്കുന്ന ലുലു ഗ്രൂപ്പിനെ മധ്യപ്രദേശിലേക്ക് ക്ഷണിച്ച് മുഖ്യമന്ത്രി മോഹൻ യാദവ്. ദുബായിൽ വാർഷിക നിക്ഷേപ സംഗമത്തിൽ യൂസഫലിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ക്ഷണം. ഭക്ഷ്യസംസ്കരണം, റീട്ടെയ്ൽ മേഖലകളിൽ സംസ്ഥാനത്ത് ലുലു ഗ്രൂപ്പിന്റെ സാന്നിധ്യം ഉണ്ടാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

തലസ്ഥാനമായ ഭോപാൽ, ഇൻഡോർ, ഉജ്ജയിൻ തുടങ്ങിയ നഗരങ്ങളിൽ ഷോപ്പിങ് മാളുകൾ, ഹൈപ്പർമാർക്കറ്റുകൾ, ഭക്ഷ്യസംസ്കരണ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് വലിയ അവസരങ്ങളുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

അടുത്തവർഷം ജനുവരിയിൽ ഭോപ്പലിൽ നടക്കുന്ന മധ്യപ്രദേശ് നിക്ഷേപക സംഗമത്തിൽ പങ്കെടുക്കാൻ യൂസഫലിയെ മുഖ്യമന്ത്രി ക്ഷണിച്ചു. മധ്യപ്രദേശിൽ ഷോപ്പിങ് മാൾ, ലുലു ഹൈപ്പർമാർക്കറ്റ്, ഭക്ഷ്യസംസ്കരണ കേന്ദ്രം എന്നിവയ്ക്കായി 2000 കോടി രൂപ നിക്ഷേപിക്കാൻ തയാറാണെന്ന് യൂസഫലി മുഖ്യമന്ത്രിയെ അറിയിച്ചു. ലുലു ഗ്രൂപ്പ് ചീഫ് ഓപ്പറേറ്റിങ് ഓഫിസർ (സിഒഒ) എ.വി.ആനന്ദ് റാമിന്റെ നേതൃത്വത്തിലുള്ള സംഘം തുടർചർച്ചകൾക്കായി മധ്യപ്രദേശിലെത്തുമെന്നും അദ്ദേഹം പറഞ്ഞു. മധ്യപ്രദേശ് നടപ്പാക്കിയ വ്യവസായനയം നിക്ഷേപകർക്ക് മികച്ച പിന്തുണയും സഹകരണവുമാണ് നൽകുന്നതെന്നു പറഞ്ഞ മുഖ്യമന്ത്രി സംസ്ഥാന സർക്കാരിന്റെ എല്ലാ പിന്തുണയും ലുലു ഗ്രൂപ്പിന് നൽകുമെന്നും വ്യക്തമാക്കി. മധ്യപ്രദേശ് ഭക്ഷ്യ സംസ്കരണ സെക്രട്ടറി ജോൺ കിങ്സ്ലി, ദുബായിലെ ഇന്ത്യൻ കോൺസുൽ ജനറൽ വിഷ്ണുവർധൻ റെഡ്ഡി ലുലു ഗ്രൂപ്പ് സിഇഒ സൈഫി രൂപാവാല, എക്സിക്യൂട്ടീവ് ഡയറക്ടർ അഷറഫ് അലി എന്നിവരും കൂടിക്കാഴ്ചയിൽ സംബന്ധിച്ചു.



ജാർഖണ്ഡിലെ കുട്ടികൾക്കായുള്ള അമൃത ആശുപത്രിയുടെ സൗജന്യ ഹൃദയചികിത്സാ പദ്ധതിക്കുള്ള അംഗീകാരമായി ഝാർഖണ്ഡ് എൻഎച്ച്എം മിഷൻ ഡയറക്ടർ ശശി പ്രകാശ് ഝാ, ഐഎഎസ്, അമൃതപുരിയിൽ മാതാ അമൃതാനന്ദമയി ദേവിക്ക് സ്നേഹോപഹാരം സമ്മാനിക്കുന്നു.

### കുട്ടികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ

# ജാർഖണ്ഡ് സർക്കാരും കൊച്ചി അമൃത ആശുപത്രിയും കൈകോർക്കുന്നു

**കൊച്ചി:** ഹൃദ്രോഗ ചികിത്സ ആവശ്യമായ ജാർഖണ്ഡിലെ കുട്ടികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്നതിനായി ജാർഖണ്ഡ് സർക്കാരും കൊച്ചി അമൃത ആശുപത്രിയും തമ്മിൽ കരാറിലെത്തി.

പദ്ധതിയുടെ ഭാഗമായി ജാർഖണ്ഡിൽ ഇതുവരെ 2,000ത്തിലധികം കുട്ടികളെ പരിശോധനയ്ക്ക് വിധേയരാക്കുകയും, 75 കുട്ടികൾ കൊച്ചി അമൃത ആശുപത്രിയിൽ സൗജന്യ ഹൃദയ ശസ്ത്രക്രിയ പൂർത്തിയാക്കുകയും ചെയ്തു. വിദഗ്ദ്ധ ഹൃദയ പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്താനായി ജാർഖണ്ഡിൽ ഉടനീളം കൂടുതൽ മെഡിക്കൽ ക്യാമ്പുകൾ തുടരാനാണ് പദ്ധതി.

അമൃത ആശുപത്രിയുടെ മാതൃകാപരമായ പ്രവർത്തനങ്ങളെ ആദരിച്ചു കൊണ്ട് ജാർഖണ്ഡ് നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടർ ശശി പ്രകാശ് ഝാ, ഐ.എ.എസ്., അമൃതപുരിയിൽ വെച്ച് മാതാ അമൃതാനന്ദമയി ദേവിക്ക് സ്നേഹോപഹാരം സമ്മാനിച്ചു. കൊച്ചി അമൃത ആശുപത്രി പീഡിയാട്രിക് കാർഡിയോവസ്കുലാർ ആൻറ് തോറാസിക് സർജറി വിഭാഗം മേധാവി ഡോ. ബ്രിജേഷ് പി. കെ., അമൃത ജാർഖണ്ഡ് ഇനിഷ്യേറ്റീവ് കോർഡിനേറ്റർ ശിവ് പ്രകാശ് ബഗാരിയ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

ജന്മനാ ഉള്ളതും അല്ലാത്തതുമായ ഹൃദ്രോഗങ്ങൾ ബാധിച്ച കുട്ടികളെ അമൃത ആശുപത്രിയിൽ സൗജന്യ ശസ്ത്രക്രിയകൾക്കും കാർഡിയാക് ഇന്റർവെൻഷനുകൾക്കും അയക്കും. ജാർഖണ്ഡിലെ ആരോഗ്യ പ്രവർത്തകർക്ക് ജന്മനാ ഉണ്ടാകുന്ന ഹൃദ്രോഗങ്ങൾ നേരത്തെ തിരിച്ചറിയുന്നതിനുള്ള പരിശീലനവും, രോഗികളുടെ തുടർ പരിശോധനകളും ഈ പദ്ധതിയിലൂടെ ഉറപ്പാക്കുന്നുണ്ട്. ഓരോ വർഷവും ഔട്ട്റീച്ച് പ്രോഗ്രാമുകളിലൂടെ ആയിരക്കണക്കിന് കുട്ടികളെ പരിശോധിക്കുകയും, അടിയന്തര ചികിത്സ ആവശ്യമുള്ളവരിൽ പലർക്കും അമൃത ആശുപത്രിയിൽ സൗജന്യമായി ചികിത്സ ലഭിക്കുകയും ചെയ്യുമെന്നും ജാർഖണ്ഡ് സർക്കാരുമായുള്ള ഈ സഹകരണം സംസ്ഥാനത്തുടനീളമുള്ള കൂടുതൽ കുട്ടികളിലേക്ക് പരിചരണം എത്തിക്കാൻ സഹായിക്കുമെന്നും കൊച്ചി അമൃത ആശുപത്രി പീഡിയാട്രിക് കാർഡിയോളജി വിഭാഗം ഹെഡ് ആൻഡ് ക്ലിനിക്കൽ പ്രൊഫസർ ഡോ. ആർ. കൃഷ്ണകുമാർ വ്യക്തമാക്കി.

കഴിഞ്ഞ 25 വർഷത്തിനിടയിൽ അമൃത ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി, കാർഡിയാക് സർജറി വിഭാഗങ്ങൾ ഏകദേശം 32,500 ശസ്ത്രക്രിയകളും ഇന്റർവെൻഷനുകളും നടത്തിയിട്ടുണ്ട്. ഇതിൽ 24,300ലധികം ശസ്ത്രക്രിയകളും പൂർണ്ണമായും സൗജന്യമായോ സൌജന്യ നിരക്കിലോ ചെയ്തു.

ഒഡീഷ സർക്കാരുമായും സമാനമായ രീതിയിൽ കുട്ടികൾക്ക് സൗജന്യ ഹൃദ്രോഗ ചികിൽത്സ ലഭ്യമാക്കുന്നതിനായി അമൃത ഹോസ്പിറ്റൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ട്.



കേരള കൗൺസിൽ ഓഫ് ചർച്ചസ് പത്തനംതിട്ട ജില്ലയുടെയും, സോണിന്റെയും ആഭിമുഖ്യത്തിൽ ഗുരുവന്ദനം 2026 അധ്യാപക ദിനാചരണവും അധ്യാപകരെ ആദരിക്കുന്ന സമ്മേളനം പത്തനംതിട്ട പ്രകാശധാര ഡിഫറൻ്റ്റിലി എബിൾഡ് സ്കൂളിൽ ഓർത്തഡോക്സ് സഭ മാവേലിക്കര ഭദ്രാസനാധിപൻ അഭിവന്ദ്യ. ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.

## അധ്യാപക ദിനാചരണവും ആദരവും

**പത്തനംതിട്ട:** കേരള കൗൺസിൽ ഓഫ് ചർച്ചസ് പത്തനംതിട്ട ജില്ലയുടെയും, സോണിന്റെയും ആഭിമുഖ്യത്തിൽ ഗുരുവന്ദനം 2026 അധ്യാപക ദിനാചരണവും അധ്യാപകരെ ആദരിക്കുന്ന സമ്മേളനവും നടന്നു. പത്തനംതിട്ട പ്രകാശധാര ഡിഫറൻ്റ്റിലി എബിൾഡ് സ്കൂൾ വെച്ച് നടന്ന സമ്മേളനം ഓർത്തഡോക്സ് സഭ മാവേലിക്കര ഭദ്രാസനാധിപൻ അഭിവന്ദ്യ. ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. പ്രകാശധാര സ്കൂളിലെ അധ്യാപകരേ മെത്രാപ്പോലീത്ത പൊന്നാട അണിച്ച് ആദരിച്ചു.

കെസിസി പത്തനംതിട്ട ജില്ലാ പ്രസിഡണ്ട് വെരി റവ. ജോൺസൻ കല്ലിട്ടതിൽ കോർ എപ്പിസ്കോപ്പാ അധ്യക്ഷത വഹിച്ച മീറ്റിങ്ങിൽ കെസിസി ജനറൽ സെക്രട്ടറി അഡ്വ ഡോ പ്രകാശ് പി തോമസ് മുഖ്യ പ്രഭാക്ഷണം നിർവഹിച്ചു. യോഗത്തിൽ വെരി റവ ഏബ്രഹാം ഇഞ്ചക്കലോടി കോർ എപ്പിസ്കോപ്പാ, ഫാദർ ബിജു മാത്യു, റവ എം സി സാമുവേൽ,ഫാദർ ബെന്യാമിൻ ശങ്കരത്തിൽ, റവ ഷാജി കെ ജോർജ്, ഫാദർ എബി ടി സാമുവേൽ, ഫാദർ റോയി സൈമൻ,ഫാദർ ഗ്രിഗറി വർഗ്ഗീസ്, ഫാദർ ഷൈജു കുര്യൻ, ഫാദർ അബിമോൻ, ഡോ കെ മാത്യു, ജില്ല സെക്രട്ടറി അനീഷ് തോമസ്, ഡെന്നീസ് സാംസൺ, അനി കിഴക്കുപുറം, മാത്യു പി വർഗ്ഗീസ്, ബാബു വെൻമേലി , ഡെയിസി ഷാജൻ,ലിഡ ഗ്രീഗറി ജോബി ബെന്നി,റിബാ ഷിജു എന്നിവർ പ്രസംഗിച്ചു.

## എം.ജി ഓൺലൈൻ പ്രോഗ്രാമുകൾ: അപേക്ഷ സെപ്റ്റംബർ 20 വരെ

മഹാത്മാഗാന്ധി സർവകലാശാലയുടെ ഓൺലൈൻ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിലേക്ക് സെപ്റ്റംബർ 20 വരെ അപേക്ഷിക്കാം. യു.ജി.സി. അംഗീകാരമുള്ള ഈ കോഴ്സുകൾ, റെഗുലർ ബിരുദത്തിന് തുല്യമാണ്. പൂർണ്ണമായും ഓൺലൈനായതിനാൽ വിദേശത്തുള്ളവർക്കും ജോലി ചെയ്യുന്നവർക്കും പഠിക്കാം. എസ്. സി./എസ്. ടി., ഭിന്നശേഷി, വനിതകൾ തുടങ്ങിയ വിഭാഗക്കാർക്കും സർവകലാശാലാ വിദ്യാർത്ഥികൾക്കും ഫീസ് ഇളവ് ലഭിക്കും. വിശദ വിവരങ്ങൾക്ക്: cdoe.mgu.ac.in. ഫോൺ: 0481 2731010, 8547852326.

### പരീക്ഷാഫലം

മൂന്നും നാലും സെമസ്റ്റർ എംഎ ഇംഗ്ലീഷ്, പൊളിറ്റിക്സ്, എംഎ സോഷ്യോളജി പ്രൈവറ്റ് രജിസ്ട്രേഷൻ (2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016, 2017 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2014, 2015 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എംറ്റിറ്റിഎം (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ സപ്ലിമെൻററി) ജൂൺ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.





# അധ്യാപക ദിനത്തിൽ ചരിത്രം സൃഷ്ടിച്ച് വാദി ഹുസ്ന പബ്ലിക് സ്കൂൾ

**കോഴിക്കോട്:** അധ്യാപക ദിനത്തോടനുബന്ധിച്ച് വാദി ഹുസ്ന പബ്ലിക് സ്കൂൾ കേരളത്തിലെ മുഴുവൻ അധ്യാപക, അനധ്യാപക ജീവനക്കാരും ഫസ്റ്റ് റെസ്പോണ്ടർമാരായി സർട്ടിഫിക്കേഷൻ നേടിയ ആദ്യ വിദ്യാഭ്യാസ സ്ഥാപനമായി. ആസ്റ്റർ മെഡ്സിറ്റിയും വിസ്ഡം ഡെവലപ്മെന്റ് ഫൗണ്ടേഷന്റെ വിസ്ഡം4ഫ്യൂച്ചർ ഇനിഷ്യേറ്റീവും സംയുക്തമായി നടപ്പാക്കിയ പദ്ധതിയിലൂടെയാണ് സ്കൂളിലെ മുഴുവൻ ജീവനക്കാർക്കും അടിയന്തര മെഡിക്കൽ സാഹചര്യങ്ങളിൽ ജീവൻ രക്ഷിക്കുന്ന പ്രാഥമിക ഇടപെടലുകൾ നടത്തുന്നതിനുള്ള പരിശീലനം നൽകിയത്.

ഹൃദയസ്തംഭനം ഉൾപ്പെടെയുള്ള മെഡിക്കൽ അടിയന്തര സാഹചര്യങ്ങളിൽ പ്രൊഫഷണൽ വൈദ്യസഹായം ലഭിക്കുന്നതിന് മുമ്പുള്ള ആദ്യ ഏതാനും മിനിറ്റുകൾ നിർണായകമാണെന്ന തിരിച്ചറിവിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. സൈദ്ധാന്തിക പഠനത്തോടൊപ്പം പ്രായോഗിക പരിശീലനവും ഉൾപ്പെടുത്തിയ പരിപാടിയിൽ സ്കൂൾ ജീവനക്കാർക്ക് ബേസിക് ലൈഫ് സപ്പോർട്ട്, കാർഡിയോപൾമണറി റീസസിറ്റേഷൻ, ശ്വാസതടസ്സം സംഭവിക്കുമ്പോഴുള്ള അടിയന്തര പരിചരണം, മറ്റ് പ്രധാന എമർജൻസി റെസ്പോൺസ് പ്രോട്ടോക്കോളുകൾ എന്നിവയിൽ പ്രത്യേക പരിശീലനം നൽകി.

വിസ്ഡം4ഫ്യൂച്ചർ ഇനിഷ്യേറ്റീവ് നടത്തുന്ന പൊതുജന ബോധവൽക്കരണ പദ്ധതിയായ മിഷൻ 100Kയുടെ ഭാഗമായാണ് പരിശീലനം സംഘടിപ്പിച്ചത്. കേരളത്തിലെ കുറഞ്ഞത് ഒരു ലക്ഷം പേർക്ക് CPR, BLS പരിശീലനം നൽകുകയാണ് മിഷൻ 100Kയുടെ ലക്ഷ്യം. ഒരു സ്കൂളിന്റെ സുരക്ഷ എന്നത് ഭൗതിക അടിസ്ഥാന സൗകര്യങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും, ജീവൻ അപകടത്തിലാകുന്ന സാഹചര്യങ്ങളിൽ അടിയന്തരമായി ഇടപെടാൻ പരിശീലനം നേടിയ ജീവനക്കാരുണ്ടാകുന്നതും അതിന്റെ പ്രധാന ഘടകമാണെന്നും സംഘാടകർ വ്യക്തമാക്കി.

കേരളത്തിലെ കൂടുതൽ സ്കൂളുകളിലേക്ക് പദ്ധതി വ്യാപിപ്പിച്ച് അടിയന്തര സാഹചര്യങ്ങളിൽ ഫലപ്രദമായി പ്രതികരിക്കാൻ കഴിയുന്ന പരിശീലനം നേടിയ ജീവനക്കാരുടെ ശൃംഖല സൃഷ്ടിക്കാനാണ് ആസ്റ്റർ മെഡ്സിറ്റിയും വിസ്ഡം4ഫ്യൂച്ചർ ഇനിഷ്യേറ്റീവും ലക്ഷ്യമിടുന്നത്. "Every School – First Responders‘ എന്ന ദർശനത്തിലേക്ക് മുന്നേറുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലുടനീളം ഈ പരിശീലന പരിപാടി വ്യാപിപ്പിക്കാനാണ് പദ്ധതിയിടുന്നത്.



# ഡബ്ല്യുപി ഫ്യൂച്ചർ കോൺക്ലേവ് 2026 കോഴിക്കോട് ഗവ. സൈബർപാർക്കിൽ നടന്നു

**കോഴിക്കോട്:** വേഡ്പ്രസ്സിന്റെ ഭാവി സാധ്യതകൾ ചർച്ച ചെയ്ത 'ഡബ്ല്യുപി ഫ്യൂച്ചർ കോൺക്ലേവ് 2026' കോഴിക്കോട് ഗവൺമെന്റ് സൈബർപാർക്ക് ഓഡിറ്റോറിയത്തിൽ നടന്നു. വേഡ്പ്രസ്സ് കമ്മ്യൂണിറ്റി കേരള സംഘടിപ്പിച്ച പരിപാടിയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഡെവലപ്പർമാർ, ഡിസൈനർമാർ, സംരംഭകർ, വിദ്യാർത്ഥികൾ, സാങ്കേതിക പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

വെബ് സാങ്കേതികവിദ്യകളിലെ എഐ സ്വാധീനത്തെക്കുറിച്ച് വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദ്ധർ സംസാരിച്ചു. വെബ് ബ്രൗസറുകളുടെ പ്രവർത്തനം, ഡാറ്റാ സ്വകാര്യത, എഐ അധിഷ്ഠിത വെബ് സൈറ്റ് നിർമ്മാണം, എംസിപി, പ്ലേഗ്രൗണ്ട്, എഐ ടൂളുകൾ, സൈബർ സുരക്ഷ എന്നിവയായിരുന്നു ചർച്ചാവിഷയങ്ങൾ. മനുഷ്യതൊഴിൽ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കാനുള്ള ഉപാധിയാണ് എഐ എന്ന് സെഷനുകളിൽ പങ്കെടുത്ത വിദഗ്ദ്ധർ വ്യക്തമാക്കി.

പതിനൊന്ന് വർഷം കൊണ്ട് വേഡ്പ്രസ്സ് പൂർണ്ണമായും മലയാളത്തിലേക്ക് വിവർത്തനം ചെയ്ത നേട്ടം കേരളത്തിലെ ഓപ്പൺ സോഴ്സ് കൂട്ടായ്മ ചടങ്ങിൽ അവതരിപ്പിച്ചു. വേഡ്പ്രസ്സിന്റെ ഭാവി വികസനത്തെക്കുറിച്ചും ഓപ്പൺ സോഴ്സ് മേഖലയിലെ അവസരങ്ങളെക്കുറിച്ചും ആശയവിനിമയം നടത്താൻ അവസരമൊരുക്കിയാണ് കോൺക്ലേവ് സമാപിച്ചത്.

# വിലക്കയറ്റം നിയന്ത്രിക്കാൻ സ്പെഷ്യൽ അരി തുടർച്ചയാക്കൽ പരിഗണനയിൽ: മന്ത്രി അനൂപ്

**തിരുവനന്തപുരം:** വിലക്കയറ്റം നിയന്ത്രിക്കാൻ ഓപ്പൺമാർക്കറ്റ് സെയിൽസ് സ്കീം പ്രകാരമുള്ള (ഒഎംഎസ്എസ്) സ്പെഷ്യൽ അരി തുടർച്ചയായി ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ മന്ത്രി അനൂപ് ജേക്കബ് നിർദ്ദേശം നൽകി.

ഓണത്തോടനുബന്ധിച്ചു കഴിഞ്ഞമാസം വിതരണം ആരംഭിച്ച ഒഎംഎസ്എസ് സ്പെഷ്യൽ അരി വിതരണം ഈ മാസവും തുടരും. ക്രിസ്മസ് സമയത്ത് അടക്കം ഒഎംഎസ്എസ് സ്പെഷ്യൽ അരി നൽകുന്നതിനായി എഫ്സിഐ. ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ഓണക്കാലത്തെ ഒഎംഎസ്എസ് സ്പെഷ്യൽ അരി വിൽപന പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. റേഷൻകടകളിലെ വിൽപനയ്ക്കനുസരിച്ച് വിതരണം പുനക്രമീകരിക്കും.

ക്രിസ്മസ്പുതുവൽസര കാലത്ത് സ്പെഷ്യൽ പച്ചരിയും നൽകാൻ നിർദ്ദേശം നൽകിയതായി മന്ത്രി അറിയിച്ചു. വിഭാഗം, വിഹിതം എന്നിവ പിന്നീട് തീരുമാനിക്കും.

സ്കൂൾ വിദ്യാർഥികൾക്കുള്ള ഉച്ചക്കഞ്ഞിക്ക് കുത്തരി നൽകുന്നതിനുള്ള നടപടി പരിശോധിച്ചു വരികയാണ്. ആവശ്യമായ അരി വിഹിതം നൽകുന്നതിനു തടസമില്ലെന്നു എഫ്സിഐ ജനറൽ മാനേജർ യോഗത്തിൽ അറിയിച്ചു. ഉന്നതതലയോഗത്തിൽ എഫ്സിഐ, സിവിൽസപ്ലൈസ് ഉദ്യോഗസ്ഥരും സംബന്ധിച്ചു.

# ദേശീയപാതയിലെ അപകടങ്ങൾ: റോഡ് സുരക്ഷ പൂർണമായി ഉറപ്പാക്കുമെന്ന് പൊതുമരാമത്ത് മന്ത്രി

**തിരുവനന്തപുരം:** ദേശീയപാതയിൽ ആവർത്തിച്ചുണ്ടാകുന്ന അപകടങ്ങളും നാലുവരി പാതാ നിർമാണത്തിന്റെ അന്തിമഘട്ടവും കണക്കിലെടുത്ത് റോഡ് സുരക്ഷ ഉറപ്പാക്കുമെന്ന് പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീർ അറിയിച്ചു.

അമിതവേഗത, മോശം വെളിച്ചം, അശാസ്ത്രീയ ട്രാഫിക് ക്രമീകരണങ്ങൾ, സുരക്ഷാ സംവിധാനങ്ങളുടെ അഭാവം എന്നിവയ്ക്ക് ശാശ്വത പരിഹാരം കാണണമെന്നും പാത തുറന്നുകൊടുക്കുമ്പോൾ സമ്പൂർണ റോഡ് സുരക്ഷ ഉറപ്പാക്കണമെന്നും ദേശീയപാത അതോറിറ്റിക്ക് നിർദേശം നൽകിയതായി മന്ത്രി പറഞ്ഞു.

ദേശീയപാതയിൽ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇടിച്ചാണ് അടുത്തകാലത്ത് ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടായത്. ഇത്തരം അശാസ്ത്രീയ പാർക്കിംഗ് അനുവദിക്കില്ലെന്നും ഇക്കാര്യത്തിൽ പോലീസിന് നിർദേശം നൽകിക്കഴിഞ്ഞതായും മന്ത്രി അറിയിച്ചു.

തൃശൂർ കൈപ്പമംഗലത്ത് ഉണ്ടായ അപകടവും തിരുവനന്തപുരം ബൈപാസിൽ അടുത്തിടെ ഉണ്ടായ അപകടങ്ങളും സർക്കാർ വളരെ ഗൗരവത്തിലാണ് കാണുന്നത്. ഈ വിഷയം ദേശീയപാത അതോറിറ്റിയുടെയും കേന്ദ്ര റോഡ് ഗതാഗതഹൈവേ മന്ത്രി നിതിൻ ഗഡ്കരിയുടെയും ശ്രദ്ധയിൽപ്പെടുത്തുമെന്നും ആവശ്യമായ എല്ലാ നടപടികളും അടിയന്തരമായി കൈക്കൊള്ളുമെന്നും മന്ത്രി ഉറപ്പുനൽകി.

സംസ്ഥാനത്ത് ദേശീയപാതാ നിർമാണം അന്തിമഘട്ടത്തിലാണ്. പ്രധാന ഫ്ലൈഓവറുകളും പാലങ്ങളും ഉൾപ്പെടെ ഭൂരിഭാഗം നിർമാണവും പൂർത്തിയായി. പാത പൂർത്തിയാകുമ്പോൾ അമിതവേഗത തടയാനുള്ള ക്യാമറകൾ, സ്പീഡ് ഡിറ്റക്ടറുകൾ, മതിയായ വെളിച്ചം, ശാസ്ത്രീയ ട്രാഫിക് ക്രമീകരണങ്ങൾ, സർവീസ് റോഡുകളുടെ ശരിയായ ക്രമീകരണം എന്നിവ ഉൾപ്പെടെ പൂർണ റോഡ് സുരക്ഷാ നടപടികൾ ഒരുമിച്ച് നടപ്പാക്കണം. പാത തുറക്കുന്നതിന് മുമ്പ് ഇവ ഉറപ്പാക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

പ്രദേശവാസികളുടെയും യാത്രക്കാരുടെയും സുരക്ഷയ്ക്കാണ് ആദ്യ പരിഗണന. നിർമാണം പൂർത്തിയാകുന്നതോടൊപ്പം സുരക്ഷാ സംവിധാനങ്ങളും ഒരുമിച്ച് പ്രവർത്തനക്ഷമമാക്കുമെന്നും അദ്ദേഹം അറിയിച്ചു.

നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും ഉത്തരവാദിത്തമാണെന്ന് മന്ത്രി ഓർമിപ്പിച്ചു. ആവശ്യമായ ബാരിക്കേഡുകൾ, മുന്നറിയിപ്പ് ബോർഡുകൾ, രാത്രികാലങ്ങളിൽ വ്യക്തമായി കാണാവുന്ന സുരക്ഷാ സംവിധാനങ്ങൾ എന്നിവ നിർബന്ധമായും ഒരുക്കണം. അധികൃതർക്കൊപ്പം വാഹനമോടിക്കുന്നവരും ഡ്രൈവിങ്ങിൽ അതീവ ശ്രദ്ധ പുലർത്തണമെന്നും മന്ത്രി പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മരണാനന്തര അവയവദാതാക്കൾക്ക് സംസ്ഥാന സർക്കാരിന്റെ ആദരം ഇന്ന്

**തിരുവനന്തപുരം:** സംസ്ഥാനത്തെ മരണാനന്തര അവയവദാതാക്കളെ അനുസ്മരിക്കുന്നതിനും അവരുടെ കുടുംബാംഗങ്ങളെ ആദരിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ (കെസോട്ടോ) നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'സ്മൃതി വന്ദനം 2026' സെപ്റ്റംബർ 9ന് നടക്കും. തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ അച്യുത മേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസസ് സ്റ്റഡീസ് ഓഡിറ്റോറിയത്തിൽ വൈകിട്ട് മൂന്നിന് നടക്കുന്ന ചടങ്ങിന്റെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ നിർവഹിക്കും. ഡോ.ശശി തരൂർ എം.പി മുഖ്യാതിഥിയാവും. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് അധ്യക്ഷത വഹിക്കും.

2025 ആഗസ്റ്റ് മുതൽ 2026 ആഗസ്റ്റ് വരെയുള്ള കാലയളവിൽ മരണാനന്തരം അവയവദാനം ചെയ്ത 39 പേരുടെ കുടുംബാംഗങ്ങളെ ചടങ്ങിൽ ആദരിക്കും. ഈ കാലയളവിൽ അവയവം സ്വീകരിച്ച് പുതുജീവിതത്തിലേക്ക് കടന്നവരും പരിപാടിയുടെ ഭാ




ഗമാകും. മരണാനന്തര അവയവദാന രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള വിവിധ പുരസ്കാര വിതരണവും ഈ മേഖലയിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയ വ്യക്തികളെ ആദരിക്കലും ചടങ്ങിൽ നടക്കും. മസ്തിഷ്കമരണ നിർണയം മുതൽ അവയവമാറ്റ ശസ്ത്രക്രിയ വരെയുള്ള വിവിധ ഘട്ടങ്ങളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചവരെയും വേദിയിൽ ആദരിക്കും. കെസോട്ടോയുടെ വാർഷിക റിപ്പോർട്ട് പ്രകാശനവും പുതിയ ടോൾഫ്രീ നമ്പറിന്റെ ലോഞ്ചിംഗും ഇതോടൊപ്പം നിർവഹിക്കും. അവയവദാതാക്കളുടെ കുടുംബാംഗങ്ങളും അവയവ സ്വീകർത്താക്കളും തങ്ങളുടെ അനുഭവങ്ങൾ ചടങ്ങിൽ പങ്കുവെക്കും. മരണാനന്തര അവയവദാന സമ്മതപത്രം രജിസ്റ്റർ ചെയ്യാൻ താല്പര്യമുള്ളവർക്കായി പ്രത്യേക രജിസ്ട്രേഷൻ കൗണ്ടറുകളും സജ്ജീകരിക്കും.

തിരുവനന്തപുരം ജില്ലാ കളക്ടർ അനുകുമാരി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ.വി. വിശ്വനാഥൻ, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി, സ്റ്റേറ്റ് മിഷൻ ഡയറക്ടർ അനു എസ്. നായർ, കോർപ്പറേഷൻ കൗൺസിലർ എസ്. എസ്. സിന്ധു, തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ജു രവീന്ദ്രൻ, സ്റ്റേറ്റ് മാസ് എജ്യുക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ഡോമി ജോൺ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് റീജിയണൽ ഡയറക്ടർ (ഇൻചാർജ്) വി. എൽ. ഹരിത തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

## ജാപ്പനീസ് റോബോക്കോണിൽ തിളങ്ങി അമൃതയിലെ വിദ്യാർഥികൾ

**കൊല്ലം:** ജപ്പാനിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ടോക്കിയോയിൽ നടന്ന 36മത് ഇന്റർനാഷണൽ ഡിസൈൻ കോണ്ടെസ്റ്റ് റോബോക്കോൺ 2026 മത്സരത്തിൽ അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാമ്പസിലെ വിദ്യാർഥികൾക്ക് മികച്ച വിജയം.

ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് വിഭാഗത്തിലെ വിദ്യാർഥികൾ ഉൾപ്പെട്ട ടീമുകൾ ഒന്നും രണ്ടും സ്ഥാനങ്ങളും മികച്ച ഡിസൈനുള്ള പുരസ്കാരവും സ്വന്തമാക്കി. അമൃതയിൽനിന്നുള്ള ഫൈനൽ ഇയർ ഇസിഇ വിദ്യാർഥി കെ. കാർത്തിക് നയിച്ച ടീം ഒന്നാം സമ്മാനവും തേർഡ് ഇയർ ഇസിഇ വിദ്യാർഥി ജെ. ആർ. പ്രസന്ന ഹരിവീരേഷ് നയിച്ച ടീം രണ്ടാം സമ്മാനവും ഫൈനൽ ഇയർ ഇസിഇ വിദ്യാർഥി കോശി പ്രശാന്ത് നയിച്ച ടീം മികച്ച ഡിസൈനുള്ള പുരസ്കാരവും നേടി. അമൃതപുരി കാമ്പസിലെ ഇ സി ഇ വിഭാഗംപ്രൊഫസറും ഹട്ട് ലാബ്സ് ഡയറക്ടറുമായ പ്രഫ. രാജേഷ് കണ്ണൻ മേഘലിംഗമാണ് വിദ്യാർഥികൾക്ക് പരിശീലനം നൽകിയത്.

## തമ്പാനൂർ ആകാശപാത നിർമാണത്തിന് കെഎസ്ആർടിസി അനുമതി

**തിരുവനന്തപുരം:** തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽനിന്നു കെഎസ്ആർടിസി ബസ് സ്റ്റാൻഡിലേക്കുള്ള ആകാശപാതയുടെ നിർമാണത്തിനുള്ള കുരുക്കുകൾ അഴിയുന്നു. ആകാശപാതയ്ക്കുള്ള അനുമതി കെഎസ്ആർടിസി നൽകിയതായി മന്ത്രി സി.പി.ജോൺ പറഞ്ഞു. കേരള റെയിൽവേ ഡവലപ്മെന്റ് കോർപറേഷനും കെഎസ്ആർടിസി ഉദ്യോഗസ്ഥരും സ്ഥലത്ത് സംയുക്ത പരിശോധന നടത്തി. ഡിസൈൻ അന്തിമമാക്കുന്നതോടെ ആകാശപാതയുടെ നിർമാണം ആരംഭിക്കാൻ കഴിയും. സ്റ്റേഷൻ നവീകരണത്തിന്റെ ഭാഗമായി നിർമിക്കുന്ന 10 നിലയുള്ള നോർത്ത് ബ്ലോക്കിന്റെ നിർമാണത്തോടൊപ്പമാണ് ആകാശപാതയുടെ നിർമാണം നടക്കുക.

കെട്ടിടത്തിന്റെ മൂന്നാം നിലയിൽനിന്നു കെഎസ്ആർടിസി കെട്ടിടത്തിന്റെ ഒന്നാംനിലയിലാണു ആകാശപാത അവസാനിക്കുക. ഇവിടെനിന്നു താഴേക്ക് ഇറങ്ങാൻ എസ്കലേറ്ററും പടികളും ലഭ്യമാണ്. ആകാശപാത ഈ മേഖലയിലെ ഗതാഗതക്കുരുക്ക് ഗണ്യമായി കുറയ്ക്കും. ഒരേസമയം നൂറുകണക്കിന് ആളുകളാണ് റെയിൽവേ സ്റ്റേഷന്റെ ഭാഗത്തുനിന്നു ബസ് സ്റ്റാൻഡിലേക്കും തിരിച്ചും റോഡ് കുറുകെ കടക്കുന്നത്.

## പമ്പാ ജലമേള സെപ്റ്റംബർ 13ന് നീരേറ്റുപുറത്ത്; പ്രമുഖ വള്ളങ്ങൾ പങ്കെടുക്കും

**കോട്ടയം:** കെ.സി.മാമ്മൻ മാപ്പിള ട്രോഫിക്കായുള്ള ഉത്രാടം തിരുനാൾ പമ്പാ ജലമേളയും ജനകീയ ട്രോഫിക്കായുള്ള പമ്പാ ജലമേളയും സംയുക്തമായി 13നു 2നു നീരേറ്റുപുറം പമ്പാ വാട്ടർ സ്റ്റേഡിയത്തിൽ നടക്കും.

സാംസ്കാരിക സമ്മേളനം, വഞ്ചിപ്പാട്ട്, കുട്ടികളുടെ ചിത്രരചനാ മത്സരം, അത്തപ്പൂക്കളം, കാർഷിക , ടൂറിസം സെമിനാറുകൾ എന്നിവ മുന്നോടിയായി സംഘടിപ്പിക്കും. വെപ്പ് വള്ളങ്ങളുടെ മത്സരത്തിലെ വിജയികൾക്ക് ഉത്രാടം തിരുനാൾ, ചക്കുളത്തമ്മ ട്രോഫികൾ നൽകും. നെഹ്റു ട്രോഫിയിലെയും ചാംപ്യൻസ് ബോട്ട് ലീഗിലെയും പ്രമുഖ വള്ളങ്ങൾ പങ്കെടുക്കും. കേന്ദ്ര, സംസ്ഥാന മന്ത്രിമാരും ജനപ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കുമെന്നും ഉത്രാടം തിരുനാൾ പമ്പാ ജലമേള വർക്കിങ് പ്രസിഡന്റ് വിക്ടർ ടി.തോമസ്, ജനറൽ കൺവീനർ പുന്നൂസ് ജോസഫ് തുടങ്ങിയവർ പറഞ്ഞു.

## കൊച്ചിയിൽ നിന്ന് ബാങ്കോക്കിലേക്ക് പറക്കാൻ എയർ ഇന്ത്യ എക്സ്പ്രസും

**നെടുമ്പാശേരി:** എയർ ഇന്ത്യ എക്സ്പ്രസിന്റെ കൊച്ചി–ബാങ്കോക്ക്–കൊച്ചി സർവീസ് ഒക്ടോബർ 25 മുതൽ ആരംഭിക്കും. ഞായർ, ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ ആഴ്ചയിൽ 4 സർവീസുകളാണ് ഉണ്ടാവുക. കൊച്ചിയിൽ നിന്ന് രാത്രി 10.15ന് പുറപ്പെട്ട് 3.55ന് ബാങ്കോക്കിൽ എത്തും. അവിടെ നിന്ന് 4.55ന് പുറപ്പെട്ട് രാവിലെ 7.40ന് കൊച്ചിയിലെത്തും. ബോയിങ് 737 വിമാനമാണ് സർവീസിന് ഉപയോഗിക്കുന്നത്. നിലവിൽ എയർ ഏഷ്യ, തായ് ലയൺ എയർ എന്നിവ കൊച്ചിയിൽ നിന്ന് ബാങ്കോക്കിലേക്ക് സർവീസ് നടത്തുന്നുണ്ട്.

### സുസ്ഥിര ആരോഗ്യപരിചരണ രംഗത്തെ രാജ്യാന്തര അംഗീകാരം

# ഗ്രീൻ ഒ.ടി സർട്ടിഫിക്കേഷനിൽ പ്ലാറ്റിനം ഗ്രേഡ് സ്വന്തമാക്കി മാർ സ്ലീവാ മെഡിസിറ്റി

**പാലാ:** ഗ്രീൻ ഒ.ടി സർട്ടിഫിക്കേഷനിൽ ഏറ്റവും ഉയർന്ന ഗ്രേഡായ പ്ലാറ്റിനം സ്വന്തമാക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ. സുസ്ഥിര ആരോഗ്യപരിചരണ രംഗത്ത് മാർ സ്ലീവാ മെഡിസിറ്റി കൈവരിച്ച പ്രവർത്തന മികവിനുള്ള രാജ്യാന്തര അംഗീകാരമാണിത്. രാജ്യാന്തര തലത്തിൽ അംഗീകരിക്കപ്പെട്ട സർട്ടിഫിക്കേഷൻ സ്ഥാപനമായ ബ്യൂറോ വെരിറ്റാസിന്റെ വിലയിരുത്തലിനെ തുടർന്നാണ് മാർ സ്ലീവാ മെഡിസിറ്റി പാലായ്ക്ക് പ്ലാറ്റിനം ഗ്രേഡ് ലഭിച്ചത്.




രോഗികളുടെ സുരക്ഷ, ചികിത്സയുടെ ഗുണനിലവാരം, പ്രവർത്തനമികവ് എന്നിവയിൽ വിട്ടുവീഴ്ചയില്ലാതെ ശസ്ത്രക്രിയ തിയറ്ററുകളുടെ പ്രവർത്തനങ്ങളിൽ സുസ്ഥിരത ഉറപ്പാക്കാനുള്ള ആശുപത്രിയുടെ സമഗ്ര സമീപനത്തിനുള്ള അംഗീകാരം കൂടിയാണ് പ്ലാറ്റിനം ഗ്രേഡ് നേട്ടം. ആശുപത്രിയിൽ നടന്ന ചടങ്ങിൽ കേരള, തമിഴ്നാട് സംസ്ഥാനങ്ങളുടെ സർട്ടിഫിക്കേഷൻ മാനേജർ ചാർലി ചേന്നംപള്ളിയിൽ നിന്നു ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സിഇഒ റവ. ഫാ. മാത്യു തെക്കേൽ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി.

പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മന്ത്രി മോൻസ് ജോസഫ് എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്. അസോസിയേറ്റ് ഡയറക്ടർമാരായ റവ. ഫാ. ജോസ് കീരഞ്ചിറ, റവ. ഡോ. ജോസഫ് കരികുളം, റവ. ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, റവ. ഡോ. മാത്യു ചേന്നാട്ട്, റവ. ഫാ. മാത്യു തുരുത്തിപ്പള്ളിൽ, ചീഫ് ഓഫ് മെ!!ഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, മെഡിക്കൽ സൂപ്രണ്ട് ഡോ. നിതീഷ്.പി.എൻ, അനസ്തീസിയോളജി ആൻഡ് പെരി-ഓപ്പറേറ്റീവ് വിഭാഗം മേധാവി ഡോ. മഞ്ജിത്ത് ജോർജ്, ക്വാളിറ്റി വിഭാഗം സീനിയർ മാനേജർ സിറിയക് ജോർജ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ആശുപത്രി ശസ്ത്രക്രിയ തിയറ്ററുകളിൽ ഊർജം, ജലം, മെഡിക്കൽ ഉപകരണങ്ങൾ ഉപഭോഗവസ്തുക്കൾ, അണുനശീകരണം, വെന്റിലേഷൻ, മാലിന്യസംസ്കരണം തുടങ്ങിയ മേഖലകളിൽ വലിയ തോതിലുള്ള വിഭവ ഉപയോഗം ആവശ്യമാണ്. ഗ്രീൻ ഒ.ടി പദ്ധതിയിലൂടെ പരിസ്ഥിതിയിലുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനും സുസ്ഥിരമായ പ്രവർത്തന രീതികൾ ശക്തിപ്പെടുത്തുന്നതിനും മാർ സ്ലീവാ മെഡിസിറ്റി പാലാ ശ്രദ്ധ കേന്ദ്രീകരിച്ചു. രോഗികളുടെ സുരക്ഷയും ചികിത്സാ നിലവാരവും ഉറപ്പാക്കുന്നതിലും പ്രത്യേക ശ്രദ്ധ നൽകി.

ആശുപത്രിയിലെ വിവിധ വിഭാഗങ്ങളുടെയും ടീമുകളുടെയും കൂട്ടായ പ്രവർത്തനമാണ് ഗ്രീൻ ഒ.ടി പദ്ധതിയുടെ പ്ലാറ്റിനം ഗ്രേഡ് നേട്ടത്തിനു അർഹമാക്കിയതെന്നു മാനേജിങ് ഡയറക്ടർ ആൻഡ് സിഇഒ റവ. ഫാ. മാത്യു തെക്കേൽ പറഞ്ഞു. ക്ലിനിക്കൽ വിഭാഗങ്ങൾ, നഴ്സിങ്, എൻജിനീയറിങ് ആൻഡ് ടെക്നിക്കൽ സർവീസസ്, ഇൻഫക്ഷൻ പ്രിവൻഷൻ, ക്വാളിറ്റി, സപ്പോർട്ട് സർവീസസ് തുടങ്ങിയ വിഭാഗങ്ങൾ ഗ്രീൻ ഒ.ടി പദ്ധതിയിൽ സജീവമായി പങ്കാളികളായി. സുസ്ഥിര ആരോഗ്യപരിചരണത്തോടുള്ള ആശുപത്രിയുടെ സംഘടനാതല പ്രതിബദ്ധത കൂടി ഇത് വ്യക്തമാക്കുന്നു. ഗ്രീൻ ഒ.ടി. പദ്ധതി പരിസ്ഥിതി സംരക്ഷണത്തിൽ മാത്രമല്ല രോഗികളുടെ സുരക്ഷ, ക്ലിനിക്കൽ മികവ്, വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, പരിസ്ഥിതി സുസ്ഥിരത എന്നിവയെ ഒരുമിച്ച് പരിഗണിക്കുന്ന ഉത്തരവാദിത്തപൂർണമായ ആരോഗ്യപരിചരണത്തിന്റെ വിശാലമായ കാഴ്ചപ്പാട് എന്നിവ കൂടിയാണ്. കൂടുതൽ സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുന്നതിനും വിഭവങ്ങൾ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും പരിസ്ഥിതിയോട് കൂടുതൽ ഉത്തരവാദിത്തമുള്ള ആരോഗ്യപരിചരണ സംവിധാനം കെട്ടിപ്പടുക്കുന്നതിനുമുള്ള മാർ സ്ലീവാ മെഡിസിറ്റിയുടെ തുടർച്ചയായ പ്രവർത്തനങ്ങളിലെ മറ്റൊരു സുപ്രധാന നാഴികക്കല്ലുകൂടിയാണ് ഈ നേട്ടം.

## ഐഇഡിസി ഉച്ചകോടി ഇനോവേഷൻ ബിയോണ്ട് ദി ഫ്യൂച്ചർ തൃശൂരിൽ

**തൃശ്ശൂർ:** ഏഷ്യയിലെ ഏറ്റവും വലിയ വിദ്യാർത്ഥിയുവ സംരംഭകത്വ സംഗമമായ ഐഇഡിസി (ഇനോവേഷൻ ആൻഡ് ഒൺട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ) സമ്മിറ്റ് 2026 സെപ്റ്റംബർ 28 തിങ്കളാഴ്ച തൃശ്ശൂർ കൊടകര സഹൃദയ കോളേജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ നടക്കും. 'ഇനോവേഷൻ ബിയോണ്ട് ദ ഫ്യൂച്ചർ' എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന സംഗമത്തിൽ പതിനായിരത്തിലധികം യുവ പ്രതിഭകളും വിദ്യാർത്ഥികളും സംരംഭകരും നിക്ഷേപകരും വ്യവസായ പ്രമുഖരും പങ്കെടുക്കും.

ഉച്ചകോടിയുടെ ഭാഗമായി സെപ്റ്റംബർ 26ന് പതിനാല് ജില്ലകളിലെയും ഐഇഡിസി ജില്ലാ ക്ലസ്റ്റർ കോർഡിനേറ്റർമാരുടെ സംസ്ഥാനതല യോഗത്തിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ, ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ തുടങ്ങിയവർ പങ്കെടുക്കും. സംരംഭകത്വ നൂതനത്വ പ്രവർത്തനങ്ങളിൽ തുടക്കക്കാർക്ക് സഹായം ഉറപ്പാക്കുകയാണ് യോഗത്തിന്റെ ലക്ഷ്യം. സെപ്റ്റംബർ 28ന് നടക്കുന്ന ഐഇഡിസി സമ്മിറ്റ് 2026 വ്യവസായ, വാണിജ്യ, ഐടി, എഐ, സ്റ്റാർട്ടപ്പ് വകുപ്പ് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യും.

കേരളത്തിലെ 14 ജില്ലകളിലെ 14 ക്ലസ്റ്ററുകളിലായി പ്രവർത്തിക്കുന്ന 601 ഐഇഡിസികൾ, 1,000ലധികം നോഡൽ ഓഫീസർമാർ, 4,000ലധികം സ്റ്റുഡന്റ് ലീഡുകൾ, 250ലധികം സ്റ്റാർട്ടപ്പുകൾ, 5,000ലധികം പുതിയ ആശയങ്ങൾ തുടങ്ങിയവയുടെ ഒത്തു ചേരലാണ് ഉച്ചകോടിയിലൂടെ നടക്കുന്നത്. വിവിധ മേഖലകളിൽ നിന്നുള്ള എഴുപതിലധികം വിദഗ്ധർ പരിപാടിയിൽ സംസാരിക്കും.

ഉച്ചകോടിയുടെ സമാപന ദിവസമായ സെപ്റ്റംബർ 29ന് കേരള സ്റ്റാർട്ടപ്പ് മിഷനും ഉന്നതവിദ്യാഭ്യാസ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന ഹയർ എജ്യുക്കേഷൻ ഇന്നൊവേഷൻ ലീഡേഴ്സ് ആൻഡ് നോഡൽ ഓഫീസേഴ്സ് കോൺക്ലേവ് നടക്കും. ഉന്നതവിദ്യാഭ്യാസ മേഖലയിലും അക്കാദമിക് പാഠ്യപദ്ധതിയിലും സംരംഭകത്വ സംസ്കാരം പ്രോത്സാഹിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

വിദ്യാർത്ഥികൾക്ക് സ്റ്റാർട്ടപ്പ് ലോകത്തെക്കുറിച്ചുള്ള പ്രായോഗിക വിജ്ഞാനം നൽകുകയാണ് ഐഇഡിസി ഉച്ചകോടിയുടെ ലക്ഷ്യം. മുൻപരിചയമില്ലാത്തവർക്ക് പോലും പ്രയോജനപ്പെടുന്ന വിധത്തിൽ ശിൽപ്പശാലകൾ, വിദഗ്ധർ നയിക്കുന്ന പാനൽ ചർച്ചകൾ, ലേണിംഗ് സ്റ്റേഷനുകൾ, നെറ്റ്വർക്കിംഗ് സെഷനുകൾ എന്നിവ വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുണ്ട്.

പ്രോജക്ടുകളും ആശയങ്ങളും സ്റ്റാർട്ടപ്പുകളും പ്രദർശിപ്പിക്കാനും, വ്യവസായ പ്രമുഖരിൽ നിന്നും നിക്ഷേപകരിൽ നിന്നും നേരിട്ട് മാർഗനിർദേശങ്ങൾ നേടാനും വിദ്യാർത്ഥികൾക്ക് ഉച്ചകോടിയിലൂടെ അവസരം ലഭിക്കും. സ്വന്തമായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും നൂതന ആശയങ്ങൾ വികസിപ്പിക്കുന്നവർക്കും കഴിവുകൾ തെളിയിക്കാനുള്ള വേദിയായിരിക്കും ഉച്ചകോടി.

കൂടുതൽ വിവരങ്ങൾക്ക് https://iedcsummit.inഎന്ന വെബ്സൈറ്റിലോ iedckerala@startupmission.in, അല്ലെങ്കിൽ iedcsummit@sahrdaya.ac.in എന്നീ ഇമെയിൽ വിലാസങ്ങളിബന്ധപ്പെടാം.




## കിയയുടെ ആദ്യ ഹൈബ്രിഡ് കിയ സൊറെന്റൊ ഇന്ത്യൻ വിപണിയിൽ

**കൊച്ചി:** പ്രമുഖ വാഹന നിർമ്മാതാക്കളായ കിയ ഇന്ത്യയിൽ ആദ്യമായി ഹൈബ്രിഡ് എസ്‌യുവി കിയ സൊറെന്റൊ വിപണിയിൽ ഇറക്കി. വാഹനത്തിന്റെ അഡ്വാൻസ് ബുക്കിങ് നേരത്തെതന്നെ ആരംഭിച്ചിരുന്നു. 27,99,000 മുതലാണ് പ്രാരംഭവില. കിയ ഇന്ത്യയുടെ അനന്ത്പൂരിലെ പ്ലാന്റിലാണ് വാഹനം നിർമിക്കുന്നത്. മൂന്ന് നിര സീറ്റുകളുമായി എത്തുന്ന ആദ്യ ഐസ് മോഡൽ ടഡഡയുമാണ് സൊറെന്റോ. 6,7 സീറ്റ് കോൺഫിഗറേഷനുകളിൽ വാഹനം ലഭിക്കും.

1.6 ലിറ്റർ സ്ട്രോങ് ഹൈബ്രിഡ് ടർബോപെട്രോൾ, 2.2 ലിറ്റർ ഡീസൽ എന്നിങ്ങനെ ഈ കാറുകൾ രണ്ട് എഞ്ചിൻ ഓപ്ഷനുകളിൽ ലഭ്യമാവും. കമ്പനിയിൽ നിന്നുള്ള ആദ്യത്തെ പ്രീമിയം ഇൻറേണൽ കംബസ്റ്റ് എഞ്ചിൻ (ഐസിഇ) ഓഫറാണ് സോറെൻറോ. ജനപ്രിയ മിഡ്സൈസ് എസ്‌യുവിയായ സെൽറ്റോസിന് മുകളിലാണ് ഇത് സ്ഥാനം പിടിച്ചിരിക്കുന്നത്. പുതിയ കാർ കിയ ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴിയോ ഡീലർഷിപ്പ് വഴിയോ ഉപഭോക്താക്കൾക്ക് ബുക്ക് ചെയ്യാനാവും.

കാർണിവൽ ഹൈബ്രിഡിൽ ആറ് സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷനും ഓൾ വീൽ ഡ്രൈവ് സിസ്റ്റവും ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 18 ഇഞ്ച് അലോയ് വീലുകളോട് കൂടിയ ബോക്സി ഡിസൈനാണ് ഈ ഹൈബ്രിഡ് എസ്‌യുവിക്ക് കൊടുത്തിരിക്കുന്നത്. ഒരേ സമയം ഗാംഭീര്യവും സ്മൂത്ത് ഫീലും നൽകുന്ന ഡിസൈനാണ് മുൻ ഭാഗത്തും പിന്നിലും നൽകിയിരിക്കുന്നത്. എട്ട് വ്യത്യസ്ത കളർ ഓപ്ഷനുകളിൽ ഈ വാഹനം സ്വന്തമാക്കാൻ കഴിയും. കറുപ്പിനെ ഇഷ്ടപ്പെടുന്നവർക്ക് ഓൾ ബ്ലാക്ക് എന്ന എഡിഷനും കമ്പനി നൽകുന്നു. സ്ട്രോങ്ങ് ഹൈബ്രിഡ് പവർട്രെയിനും ഓൾവീൽ ഡ്രൈവും സൗകര്യവും വാഗ്ദാനം ചെയ്യുന്ന കിയയുടെ ഇന്ത്യയിലെ ആദ്യ മോഡലാണ് സോറെന്റോ.

## സ്മാർട് ഫോൺ ഉപയോഗിച്ച് ഇനി മീനിനെ അളക്കാം, മത്സ്യമെട്രി ആപ്പുമായി സിഎംഎഫ്ആർഐ

**കൊച്ചി:** മീനുകളെ തൊടാതെ തന്നെ അവയുടെ നീളവും വീതിയും കൃത്യമായി അളക്കാൻ സഹായിക്കുന്ന മത്സ്യമെട്രി മൊബൈൽ ആപ്പ് വികസിപ്പിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).

മത്സ്യയിനങ്ങളുടെ സ്റ്റോക് അസസ്മെന്റും വിവരശേഖരണവും കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെയാണിത്.

മീനുകളുടെ ചിത്രങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തി, അവയുടെ അളവുകൾ തിട്ടപ്പെടുത്താൻ ആപ്പ് വഴി സാധിക്കും. ഒരേ ഇനത്തിൽപ്പെട്ട ഒന്നിലധികം മീനുകളുടെ അളവുകൾ ഒരൊറ്റ സാമ്പിളിങ് സെഷനിൽ തന്നെ ആപ്പിൽ രേഖപ്പെടുത്താം. ഈ വിവരങ്ങൾ ഓട്ടോമാറ്റിക് വർഗീകരണം നടത്തി ശാസ്ത്രീയ പഠനങ്ങൾക്കായി പിന്നീട് ഉപയോഗിക്കുകയും ചെയ്യാം.



ഫീൽഡ് സർവേകളിലെ മത്സ്യവിവര ശേഖരണം ലളിതമാക്കാൻ മത്സ്യമെട്രി ആപ്പ് സഹായിക്കുമെന്ന് സിഎംഎഫ്ആർഐ. ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. സിഎംഎഫ്ആർഐ.യിലെ സീനിയർ സയന്റിസ്റ്റും ഐസിഎആർ നാഷണൽ ഫെലോയുമായ ഡോ എൽദോ വർഗീസ് ആണ് ആപ്പ് വികസിപ്പിച്ചത്.

എആർ കോർ പിന്തുണയുള്ള ആൻഡ്രോയിഡ് ഫോണുകളിൽ ഈ ആപ്പ് പ്രവർത്തിക്കും. ഫോൺ ക്യാമറ മീനുകൾക്ക് നേരെ പിടിക്കുമ്പോൾ സ്ക്രീനിൽ തെളിയുന്ന മെഷറിങ് ഗൈഡ് വഴിയാണ് നീളവും വീതിയും അളക്കുന്നത്. കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിലുള്ള ഐസിഎആർ നാഷണൽ ഫെലോ പ്രൊജക്റ്റിന്റെ ഭാഗമായാണ് ഇത് തയ്യാറാക്കിയത്.

## ആക്സിസ് നിഫ്റ്റി 500 ലോ വോളാറ്റിലിറ്റി 50 ഇൻഡക്സ് ഫണ്ടുമായി ആക്സിസ് മ്യൂച്വൽ ഫണ്ട്

**കൊച്ചി:** രാജ്യത്തെ പ്രമുഖ അസറ്റ് മാനേജ്മെന്റ് കമ്പനികളിലൊന്നായ ആക്സിസ് മ്യൂചൽ ഫണ്ട് പുതിയ ഓപ്പൺ എന്റഡ് ഇൻഡക്സ് ഫണ്ടായ ആക്സിസ് നിഫ്റ്റി500 ലോ വോളാറ്റിലിറ്റി 50 ഇൻഡക്സ് ഫണ്ട് പുറത്തിറക്കി. നിഫ്റ്റി500 ലോ വോളാറ്റിലിറ്റി 50 ടിആർഐ സൂചികയെ പിന്തുടരുന്ന രീതിയിലാണ് ഈ ഫണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

നിഫ്റ്റി500 ലോ വോളാറ്റിലിറ്റി 50 ടിആർഐ ബെഞ്ച്മാർക്കാക്കിയുള്ള ഈ ഓപ്പൺ എന്റഡ് ഇൻഡക്സ് സ്കീമിന്റെ ന്യൂ ഫണ്ട് ഓഫർ സെപ്റ്റംബർ ഒൻപത് മുതൽ 22 വരെ ലഭ്യമാകും. നന്ദിക് മല്ലിക്, രോഹിത് ഗൗതം എന്നിവരാണ് ഫണ്ട് മാനേജർമാർ.

100 രൂപ മുതൽ നിക്ഷേപം ആരംഭിക്കാം. തുടർന്ന് ഒരു രൂപയുടെ ഗുണിതങ്ങളായും തുക വർദ്ധിപ്പിക്കാം. അലോട്ട്മെന്റ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ നിക്ഷേപം പിൻവലിക്കുകയോ മാറ്റുകയോ ചെയ്താൽ 0.25 ശതമാനം എക്സിറ്റ് ലോഡ് ബാധകമാണ്; എന്നാൽ 15 ദിവസത്തിന് ശേഷമുള്ള പിൻവലിക്കലുകൾക്ക് എക്സിറ്റ് ലോഡ് ഈടാക്കില്ല.

വിപണിയിൽ വിലയിൽ വലിയ കയറ്റിറക്കങ്ങൾ ഉണ്ടാകാത്തതും സ്ഥിരത പുലർത്തുന്നതുമായ 50 മികച്ച കമ്പനികളിലാണ് ഈ ഫണ്ട് നിക്ഷേപം നടത്തുന്നത്.

നിഫ്റ്റി 500 സൂചികയിലെ ഓഹരികളിൽ നിന്ന് ലിക്വിഡിറ്റിയും കുറഞ്ഞ വോളാറ്റിലിറ്റിയും കണക്കിലെടുത്താണ് ഓഹരികളെ തിരഞ്ഞെടുക്കുന്നത്. വർഷത്തിൽ രണ്ടുതവണ (ജൂൺ, ഡിസംബർ) ഈ സൂചിക പുനഃക്രമീകരിക്കും. 2026 ജൂലൈ 31 വരെയുള്ള കഴിഞ്ഞ 20 വർഷത്തെ കണക്കുകൾ പ്രകാരം, നിഫ്റ്റി 500 ടിആർഐ നൽകിയ 13.0% സിഎജിആറിനേക്കാൾ ഉയർന്ന 16.0% സിഎജിആർ നൽകാൻ നിഫ്റ്റി500 ലോ വോളാറ്റിലിറ്റി 50 ടിആർഐ സൂചികയ്ക്ക് സാധിച്ചിട്ടുണ്ട്.

കൂടാതെ, വിപണിയിലുണ്ടാകുന്ന വലിയ തകർച്ചകളിൽ മറ്റ് സൂചികകളെ അപേക്ഷിച്ച് ഉയർന്ന സുരക്ഷിതത്വം നൽകാനും ഇതിന് കഴിഞ്ഞിട്ടുണ്ട്.

# ഇറ്റാൽഡിസൈനിൽ ഓഹരി ഏറ്റെടുക്കൽ പൂർത്തിയാക്കി യു എസ് ടി

**തിരുവനന്തപുരം:** ഓട്ടോമൊബൈൽ രംഗത്തെ പ്രമുഖരായ ഓഡി ഗ്രൂപ്പ് സ്ഥാപനമായിരുന്ന ഇറ്റാൽഡിസൈനിന്റെ ഭൂരിപക്ഷ ഓഹരി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാക്കി മുൻനിര എ ഐ, ടെക്നോളജി ട്രാൻസ്ഫർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യു എസ് ടി . വാഹന വ്യവസായം കൂടുതൽ എഐ അധിഷ്ഠിതവും സോഫ്റ്റ്‌വെയർ അധിഷ്ഠിതവുമായി മാറുന്ന സാഹചര്യത്തിലാണ് ഈ ഏറ്റെടുക്കൽ. വാഹനങ്ങളുടെ ഡിസൈൻ, എൻജിനീയറിങ് രംഗത്ത് ഇറ്റാൽഡിസൈനിനുള്ള പരിചയസമ്പത്തും എഐ, ഓട്ടോമോട്ടീവ് എൻജിനീയറിങ്, സോഫ്റ്റ്‌വെയർ രംഗങ്ങളിൽ യുഎസ് ടിയ്ക്കുള്ള മികവും ഇനി ഒരുമിച്ച് പ്രവർത്തിക്കും.

പുതിയ തലമുറയിലെ വാഹനങ്ങളുടെ വികസനം കൂടുതൽ വേഗത്തിലാക്കാനും ആശയം മുതൽ ഉൽപ്പാദനം വരെയുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ഈ പങ്കാളിത്തത്തിലൂടെ സാധ്യമാകും. വാഹനനിർമാതാക്കൾ നേരിടുന്ന പുതിയ സാങ്കേതിക വെല്ലുവിളികൾ പരിഹരിക്കാനും ഇരു കമ്പനികളും ചേർന്ന് പ്രവർത്തിക്കും. ഡിസൈൻ, എൻജിനീയറിങ്, സോഫ്റ്റ്‌വെയർ, നിർമ്മിത ബുദ്ധി (എ ഐ) എന്നിവയുടെ സംയോജനമാണ് ഭാവിയിലെ വാഹനമേഖലയെ മാറ്റിമറിക്കുകയെന്ന പൊതു കാഴ്ചപ്പാടിന്റെ ഭാഗമാണ് ഈ പങ്കാളിത്തം. അതേസമയം, പുതുമകൾ സൃഷ്ടിക്കുന്നതിൽ മനുഷ്യരുടെ സർഗാത്മകതയ്ക്ക് പ്രധാന സ്ഥാനം നൽകുമെന്നും ഈ ഓഹരി ഏറ്റെടുക്കൽ അടിവരയിടുന്നു .

കഴിഞ്ഞ ആറ് പതിറ്റാണ്ടുകളായി, ഡിസൈൻ രംഗത്തെ സർഗാത്മകതയും മികച്ച എൻജിനീയറിങ് മികവും സംയോജിപ്പിച്ച് ലോകത്തിലെ ശ്രദ്ധേയമായ നിരവധി വാഹനങ്ങളുടെ രൂപകൽപ്പനയിൽ ഇറ്റാൽഡിസൈൻ പങ്കുവഹിച്ചിട്ടുണ്ട്. എഐ, ഡിജിറ്റൽ എൻജിനീയറിങ്, സോഫ്റ്റ്‌വെയർ അധിഷ്ഠിത വാഹനങ്ങൾ തുടങ്ങിയ മേഖലകളിലെ യു എസ് ടിയുടെ വൈദഗ്ധ്യവും ഇറ്റാൽഡിസൈനിന്റെ അനുഭവസമ്പത്തും ഒന്നിക്കുന്നതോടെ, ഭാവിയിലെ വാഹനങ്ങൾക്ക് ആവശ്യമായ സ്മാർട്ട്, കണക്റ്റഡ് ഉൽപ്പന്നങ്ങൾ രൂപകൽപ്പന ചെയ്യാനും വികസിപ്പിക്കാനും വിജയകരമായി വിപണിയിലെത്തിക്കാനും കഴിയും.

'ഇറ്റാൽഡിസൈനിന്റെ സാങ്കേതിക മികവ് മാത്രമല്ല യു എസ് ടി നടത്തിയിരിക്കുന്ന നിക്ഷേപത്തിന് കാരണം. കമ്പനിയിലെ ജീവനക്കാരുടെ കഴിവും വർഷങ്ങളായുള്ള പാരമ്പര്യവും മികച്ച ആശയങ്ങളെ മികച്ച ഉൽപ്പന്നങ്ങളാക്കി മാറ്റാനുള്ള ഇറ്റാൽഡിസൈനിന്റെ ശേഷിയുമാണ് ഈ ഏറ്റെടുക്കലിന്റെ പ്രധാന ചാലക ശക്തി. ഇറ്റാൽഡിസൈനിന്റെ ഡിസൈൻ, എൻജിനീയറിങ് മികവും യുഎസ് ടി യുടെ ഡിജിറ്റൽ എൻജിനീയറിങ്, എഐ, സാങ്കേതിക രംഗങ്ങളിലെ കഴിവുകളും സംയോജിപ്പിച്ച് ഭാവിയുടെ വാഹനമേഖലയിൽ പുതിയ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്,' യുഎസ് ടി ചീഫ് ഫിനാൻഷ്യൽ ഓഫീസർ വിജയ് പത്മനാഭൻ പറഞ്ഞു.

'ഡിസൈൻ, എൻജിനീയറിങ്, സോഫ്റ്റ്‌വെയർ, എഐ എന്നിവ സംയോജിപ്പിക്കാൻ കഴിയുന്ന പങ്കാളികളെയാണ് ഞങ്ങളുടെ ഉപഭോക്താക്കൾ ഇപ്പോൾ തേടുന്നത്. ഇറ്റാൽഡിസൈനുമായി ചേർന്ന് പ്രവർത്തിക്കുന്നതിലൂടെ, ആശയം മുതൽ ഉൽപ്പന്നം വരെയുള്ള കാര്യങ്ങൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കാൻ ഉപഭോക്താക്കളെ സഹായിക്കാനാകും. അതേസമയം, ഉൽപ്പന്നങ്ങളുടെ മികച്ച ഡിസൈനും എൻജിനീയറിങ് നിലവാരവും നിലനിർത്തുകയും ചെയ്യും,' യുഎസ് ടി ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഗിൽറോയ് മാത്യു പറഞ്ഞു.

'ആഗോള വാഹനമേഖലയിൽ ഏകദേശം 60 വർഷത്തെ പരിചയമാണ് ഞങ്ങൾക്കുള്ളത്. ഈ അനുഭവവും വിശ്വാസ്യതയും പങ്കാളിത്തത്തിന് വലിയ നേട്ടമാണ്. ഏറ്റെടുക്കലിന് ശേഷവും ഇറ്റാൽഡിസൈൻ എന്ന പേരിൽ തന്നെ കമ്പനി പ്രവർത്തനം തുടരും. ഞങ്ങളുടെ മൂല്യങ്ങളും കഴിവുകളും നിലനിർത്തുന്നതിനൊപ്പം സുസ്ഥിരതയ്ക്കും കൂടുതൽ പ്രാധാന്യം നൽകും. യുഎസ് ടിയുടെ ആഗോള സാന്നിധ്യവും ഡിജിറ്റൽ എൻജിനീയറിങ്, എ ഐ രംഗത്തെ കഴിവുകളും ആഗോള ഉപഭോക്താക്കളുമായുള്ള ബന്ധവും ഞങ്ങൾക്ക് പ്രയോജനകരമാകും,' ഇറ്റാൽഡിസൈൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അന്റോണിയോ കാസു പറഞ്ഞു.



# സൈനികർക്കായി സിഎസ്ഡി വഴി ഏഥർ സ്കൂട്ടറുകൾ

**കൊച്ചി:** യോഗ്യരായ സൈനികർക്കായി സിഎസ്ഡി പോർട്ടൽ വഴി ഏഥർ എനർജിയുടെ ഇലക്ട്രിക് സ്കൂട്ടറുകൾ ലഭ്യമാകും. സിഎസ്ഡി പോർട്ടൽ വഴിയുള്ള വിൽപ്പന സെപ്റ്റംബർ മുതൽ ആരംഭിക്കും. ഏഥറിന്റെ 450, റിസ്താ ശ്രേണികളിലെ 450 ഏപെക്സ് ഒഴികെയുള്ള എട്ട് വകഭേദങ്ങളാണ് സിഎസ്ഡി പ്ലാറ്റ്‌ഫോമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സിഎസ്ഡി വഴി ലഭിക്കുന്ന ജിഎസ്ടി ആനുകൂല്യങ്ങൾക്ക് പുറമേ ഏഥർ നൽകുന്ന പ്രത്യേക വിലക്കുറവും സൈനികർക്ക് ലഭിക്കും. സിഎസ്ഡി പ്ലാറ്റ്‌ഫോമിൽ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തിയ ആദ്യ രണ്ട് ഇലക്ട്രിക് ഇരുചക്ര വാഹന നിർമാതാക്കളിൽ ഒന്നാണ് ഏഥർ. സൈനികർക്കും കുടുംബങ്ങൾക്കും എളുപ്പത്തിൽ ഇലക്ട്രിക് സ്കൂട്ടറുകൾ സ്വന്തമാക്കാൻ ഇതുവഴി അവസരമൊരുങ്ങും.

## ഇന്റർനാഷണൽ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിലും നടന്നുകയറി ലക്ഷ്മി കൃഷ്ണ യഷ്വാൻ



**കോഴിക്കോട്:** രണ്ടര വയസ്സിൽ ഇന്റർനാഷണൽ ബുക്ക് ഓഫ് റെക്കോർഡും ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡും സ്വന്തമാക്കി കോഴിക്കോട് നിന്നുള്ള കൊച്ചുമിടുക്കി ലക്ഷ്മി കൃഷ്ണ യഷ്വാൻ. 33 നിലകളിലായി 625 പടികൾ വെറും 14 മിനിറ്റ് 7 സെക്കൻഡിൽ നിർത്താതെ കയറിയാണ് പെരുമണ്ണ ദി വൈറ്റ് സ്കൂൾ ഇന്റർനാഷണലിലെ പ്രീ കെജി വിദ്യാർത്ഥിനിയായ ലക്ഷ്മി റെക്കോർഡ് നേട്ടം സ്വന്തമാക്കിയത്. 2 വയസും 6 മാസവും 6 ദിവസവും എന്ന കുഞ്ഞുപ്രായത്തിൽ ഹൈലൈറ്റ് ഒളിമ്പസ് ടവറിന്റെ എല്ലാ പടികളും നടന്നുകയറിയാണ് ലക്ഷ്മി, ചെന്നൈയിലെ ഒരു കുട്ടി സ്ഥാപിച്ച 362 സ്റ്റെപ്പുകളെന്ന നിലവിലെ റെക്കോർഡ് പഴങ്കഥയാക്കിയത്.

കോഴിക്കോട് വെള്ളിപ്പറമ്പ് കീഴ്മാട് സ്വദേശികളായ വൈറ്റ് സ്കൂൾ ഇന്റർനാഷണലിലെ കായികാധ്യാപകനും ആക്ടിവിറ്റീസ് ഹെഡുമായ ഹരികൃഷ്ണൻ പി. കെ.യുടെയും ടാറ്റൂ ആർട്ടിസ്റ്റ് ആരതി എം.ആറിന്റെയും ഇളയ മകളാണ് ലക്ഷ്മി. സഹോദരൻ ശിവ കൃഷ്ണ യഷ്വാൻ വൈറ്റ് സ്കൂളിലെ ഗ്രേഡ് 1 വിദ്യാർഥിയാണ്.

## പേടിഎമ്മിൽ ഇനി കാരറ്റ്‌ലെയ്ൻ ആഭരണങ്ങളും

**കൊച്ചി:** പേറ്റിഎമ്മും പ്രമുഖ ഓമ്‌നിചാനൽ ജ്വല്ലറി ബ്രാൻഡായ കാരറ്റ്‌ലെയ്നും സഹകരിച്ച് പേടിഎം പ്ലാറ്റ്‌ഫോമിൽ ജ്വല്ലറി ഷോപ്പിംഗ് സൗകര്യം അവതരിപ്പിച്ചു. ഇതോടെ കാരറ്റ്‌ലെയ്ൻന്റെ വിവിധ വിഭാഗങ്ങളിലുള്ള ആഭരണങ്ങൾ പേടിഎം വഴി ഉപഭോക്താക്കൾക്ക് വാങ്ങാം.മോതിരങ്ങൾ, കമ്മലുകൾ, പെൻഡന്റുകൾ, നെക്ലേസുകൾ, വളകൾ, ബ്രേസ്ലെറ്റുകൾ തുടങ്ങിയ ആഭരണങ്ങളാണ് പേടിഎമ്മിൽ ലഭ്യമാകുക. പേടിഎം യുപിഐ , ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ, നെറ്റ് ബാങ്കിംഗ് തുടങ്ങിയ പേയ്മെന്റ് മാർഗങ്ങൾ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് ആഭരണങ്ങൾ വാങ്ങാം. കൂടാതെ, പേടിഎം ഡിജിറ്റൽ ഗോൾഡ് ഉപയോഗിച്ചും കാരറ്റ്‌ലെയ്ൻ ആഭരണങ്ങൾ വാങ്ങാനുള്ള സൗകര്യമുണ്ട്. ഡിജിറ്റൽ ഗോൾഡിന്റെ മൂല്യത്തിന് പുറമെ അടയ്ക്കേണ്ട തുക മറ്റ് പേയ്മെന്റ് മാർഗങ്ങളിലൂടെ നൽകാം. കാരറ്റ്‌ലെയ്ൻ സേവനം ലഭ്യമായ പിൻകോഡുകളിൽ പാക്കേജിംഗ്, ഓർഡർ പൂർത്തീകരണം, ഹോം ഡെലിവറി എന്നിവ കൈകാര്യം ചെയ്യും. ഓർഡർ സ്ഥിരീകരണം, ട്രാക്കിംഗ്, വാങ്ങലുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ പേടിഎമ്മിൽ ലഭ്യമാകും.

## ഏജിസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് സൂപ്പർ പ്രൊട്ടക്ട് പ്ലസ് പ്ലാൻ പോളിസിബസാറിൽ അവതരിപ്പിച്ചു

**കൊച്ചി:** ഡിജിറ്റൽ വിതരണ ശൃംഖല ശക്തമാക്കുന്നതിന്റെ ഭാഗമായി ഏജിസ് ഫെഡറൽ ലൈഫ് ഇൻഷുറൻസിന്റെ ടേം ഇൻഷുറൻസ്പദ്ധതിയായ സൂപ്പർ പ്രൊട്ടക്ട് പ്ലസ് പ്ലാൻ പോളിസിബസാറിൽ അവതരിപ്പിച്ചു. ശമ്പളവരുമാനക്കാർക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കുമായി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ഈ പുതിയ പദ്ധതി. രാജ്യത്തെ ഏറ്റവും വലിയ ഓൺലൈൻ ഇൻഷുറൻസ് പ്ലാറ്റ്ഫോമായ പോളിസിബസാറുമായുള്ള കൂട്ടായ്മയിലൂടെ ഇൻഷുറൻസ് സേവനങ്ങൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

ആദ്യ വർഷത്തെ പ്രീമിയത്തിൽ 12 ശതമാനവും ഇളവും ഒപ്പം ഏറ്റവും കുറഞ്ഞ നിരക്കും ഈ പദ്ധതി ഉറപ്പുനൽകുന്നു. പ്രതിവർഷം 53,000 രൂപ വരെ മൂല്യമുള്ള ആരോഗ്യ പരിപാലന സേവനങ്ങൾ ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കും. മാരകമായ രോഗങ്ങൾക്ക് ഇൻബിൽറ്റ് പരിരക്ഷയും മികച്ച സേവനം ഉറപ്പാക്കുന്ന 99.82 ശതമാനം ക്ലെയിം സെറ്റിൽമെന്റ് നിരക്കും ഈ പ്ലാനിനുണ്ട്. നിലവിലുള്ള നികുതി വ്യവസ്ഥകൾ പ്രകാരം ഈ ടേം ഇൻഷുറൻസിന് ജിഎസ്ടി ബാധകമല്ല.

പോളിസിബസാറിന്റെ വിപുലമായ ഓൺലൈൻ ശൃംഖല പ്രയോജനപ്പെടുത്തി ഉപഭോക്താക്കൾക്ക് ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ എളുപ്പത്തിൽ കണ്ടെത്താനും താരതമ്യം ചെയ്യാനും വാങ്ങാനും ഇതിലൂടെ സാധിക്കും.

ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾക്കനുസരിച്ച് ഡിജിറ്റൽ വിതരണ ചാനൽ വിപുലീകരിക്കാനും കൂടുതൽ പേരിലേക്ക് ഇൻഷുറൻസ് എത്തിക്കാനും കമ്പനി ഇതിലൂടെ ലക്ഷ്യമിടുന്നു. 'പ്രോമിസസ് മെയ്ഡ് പോസിബിൾ' എന്ന ലക്ഷ്യത്തോടെയാണ് കമ്പനിയുടെ ഈ പുതിയ ഡിജിറ്റൽ മുന്നേറ്റം.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com